**"ഭരണഭാഷ-മാതൃഭാഷ"**

**വ്യവസായ വാണിജ്യ ഡയറക്ടറുടെ നടപടിക്രമം**

**വ്യവസായ വാണിജ്യ ഡയറക്ടറുടെ കാര്യാലയം, വികാസ് ഭവൻ, തിരുവനന്തപുരം**

**(അവതരണം : ബിജു കെ. ഐ.എ.എസ്.)**

ഡി.ഐ.സി./5280/2019-ഇഇ 1 തീയതി : 04.12.2019

വിഷയം:- വ്യവസായം - ജീവനക്കാര്യം - 31.12.2018 വരെയുള്ള കാലയളവിലെ കോമൺ ഫെസിലിറ്റി സർവ്വീസ് സെന്ററുകളിലെ ഫോർമാൻ/ടെക്നിക്കൽ അസിസ്റ്റന്റ് തസ്തികകളിലെ സംസ്ഥാനതല അന്തിമ സംയോജിത മുൻഗണനാപട്ടിക പ്രസിദ്ധീകരിച്ച് ഉത്തരവാകുന്നത് - സംബന്ധിച്ച്

പരാമർശം:- ഈ ഓഫീസിലെ ഇതേ നമ്പരിലുള്ള 25.10.2019 തീയതിയിലെ പരിപത്രം.

31.12.2018 വരെയുള്ള കാലയളവിലെ കോമൺ ഫെസിലിറ്റി സർവ്വീസ് സെന്ററുകളിലെ ഫോർമാൻ തസ്തികയിലെ സംസ്ഥാനതല താൽക്കാലിക മുൻഗണനാപട്ടിക പരാമർശം പ്രകാരം പ്രസിദ്ധീകരിച്ചിരുന്നു. പ്രസ്തുത കാലയളവിലുള്ള എല്ലാ ഫോർമാൻമാരുടെയും വിവരങ്ങൾ താല്ക്കാലിക മുൻഗണനാപട്ടികയിൽ ഉൾപ്പെട്ടിട്ടുണ്ട് എന്ന് ഉറപ്പുവരുത്തി ആയത് സംബന്ധിച്ച് സാക്ഷ്യപത്രം ലഭ്യമാക്കുവാനും, പ്രസ്തുത മുൻഗണനാപട്ടിക സംബന്ധിച്ച് ടി തസ്തികയിൽ സേവന മനുഷ്ഠിക്കുന്ന ജീവനക്കാർക്ക് എന്തെങ്കിലും ആക്ഷേപങ്ങൾ/പരാതികൾ ഉള്ള പക്ഷം ആയതും സമർപ്പിക്കുവാനും മേൽ പരിപത്ര പ്രകാരം അറിയിച്ചിരുന്നു.

താല്ക്കാലിക മുൻഗണനാപട്ടിക സംബന്ധിച്ച് താഴെപ്പറയുന്ന ഫോർമാൻ പരാതികൾ/ആക്ഷേപങ്ങൾ ഉന്നയിച്ചിട്ടുണ്ട്. ഇതു സംബന്ധിച്ചുള്ള തീരുമാനം ചുവടെ ചേർക്കുന്നു.

**ശ്രീ. ശ്യാം എസ്. (ക്രമ നമ്പർ 1)**

താല്ക്കാലിക സീനിയോറിറ്റി ലിസ്റ്റ് അന്തിമമായി പ്രസിദ്ധീകരിക്കുമ്പോൾ തന്റെ വിദ്യാഭ്യാസ യോഗ്യതകളായ ഡിപ്ലോമ ഇൻ ഫയർ സേഫ്റ്റി എഞ്ചിനീയറിംഗ്, ജെ.ഡി.സി. എന്നിവ കൂടി ഉൾപ്പെടുത്തണം എന്ന് ആവശ്യപ്പെട്ടുകൊണ്ട് ശ്രീ. ശ്യാം എസ്. അപേക്ഷ സമർപ്പിച്ചിരുന്നു. അനുബന്ധ രേഖകൾ പരിശോധിച്ചതിൽ ടിയാന്റെ ആവശ്യം അംഗീകരിക്കാവുന്നതാണെന്ന് ബോദ്ധ്യപ്പെട്ടു. പ്രസ്തുത യോഗ്യത സീനിയോറിറ്റി ലിസ്റ്റിൽ ഉൾപ്പെടുത്തുന്നു.

കൂടാതെ സ്പെഷ്യൽ റൂൾസ് അനുസരിച്ച് ഫോർമാൻമാരുടെയും ടെക്നിക്കൽ അസിസ്റ്റന്റ് മാരുടെയും സംയോജിത സീനിയോറിറ്റി ലിസ്റ്റ് ആണ് പ്രസിദ്ധീകരിക്കേണ്ടത് എന്നും ബോധിപ്പിച്ചിരിക്കുന്നു. താത്കാലിക സീനിയോരിറ്റി ലിസ്റ്റ് പ്രസിദ്ധീകരിച്ച കാലയളവിൽ കോമൺ ഫെസിലിറ്റി സർവ്വീസ് സെന്ററുകളിൽ ടെക്നിക്കൽ അസിസ്റ്റന്റ് തസ്തികയിൽ ആരും തന്നെ സേവനത്തിലില്ലാ യിരുന്നു. അതു കൊണ്ടാണ് ഫോർമാൻമാരെ മാത്രം ഉൾപ്പെടുത്തി താൽക്കാലിക മുൻഗണനാപട്ടിക പ്രസിദ്ധീകരിക്കാൻ ഇടയായത്. എന്നിരുന്നാലും മേൽ ശ്രദ്ധപ്പെടുത്തലിന്റെ അടിസ്ഥാനത്തിൽ ടി മുൻഗണനാപട്ടിക കോമൺ ഫെസിലിറ്റി സർവ്വീസ് സെന്ററുകളിലെ ഫോർമാൻ/ടെക്നിക്കൽ അസിസ്റ്റന്റ് തസ്തികകളിലെ സംസ്ഥാനതല അന്തിമ സംയോജിത മുൻഗണനാപട്ടിക എന്നാക്കി മാറ്റേണ്ടതുണ്ട് എന്ന് ബോദ്ധ്യപ്പെട്ടു.

താത്കാലിക സീനിയോരിറ്റി ലിസ്റ്റിനെതിരെ ഉന്നയിച്ച എല്ലാ ആക്ഷേപങ്ങളും/പരാതികളും നിലവിലുള്ള നിയമങ്ങളുടെയും ചട്ടങ്ങളുടെയും സർക്കാർ ഉത്തരവുകളുടെയും അടിസ്ഥാനത്തിൽ പരിശോധിച്ച് തീർപ്പുകൽപ്പിച്ചിട്ടുള്ളതാണ്. ആയതിനാൽ 31.12.2018 വരെയുള്ള കാലയളവിലെ കോമൺ ഫെസിലിറ്റി സർവ്വീസ് സെന്ററുകളിലെ ഫോർമാൻ/ടെക്നിക്കൽ അസിസ്റ്റന്റ് തസ്തികകളിലെ സംസ്ഥാനതല അന്തിമ സംയോജിത മുൻഗണനാപട്ടിക ചുവടെ പറയും പ്രകാരം അന്തിമമാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

## <u>ഉത്തരവ്</u>

പരാമർശം പ്രകാരം പ്രസിദ്ധീകരിച്ചിരുന്ന 31.12.2018 വരെയുള്ള കാലയളവിലെ കോമൺ ഫെസിലിറ്റി സർവ്വീസ് സെന്ററുകളിലെ ഫോർമാൻ തസ്തികകളിലെ സംസ്ഥാനതല താല്ക്കാലിക സീനിയോറിറ്റി ലിസ്റ്റ് 31.12.2018 വരെയുള്ള കാലയളവിലെ കോമൺ ഫെസിലിറ്റി സർവ്വീസ് സെന്ററുകളിലെ ഫോർമാൻ/ടെക്നിക്കൽ അസിസ്റ്റന്റ് തസ്തികകളിലെ സംസ്ഥാനതല താല്ക്കാലിക സംയോജിത സീനിയോറിറ്റി ലിസ്റ്റ് എന്നാക്കി മാറ്റിയിരിക്കുന്നു. കൂടാതെ മേൽ പ്രസ്താവിച്ച പ്രകാരമുള്ള മാറ്റങ്ങൾ കൂടി വരുത്തി അന്തിമമായി പ്രസിദ്ധീകരിച്ചുകൊണ്ട് ഇതിനാൽ ഉത്തരവ് ആകുന്നു.

അന്തിമ സീനിയോറിറ്റി ലിസ്റ്റ് വ്യവസായ വാണിജ്യ വകുപ്പിന്റെ industry.kerala.gov.in എന്ന വെബ് സൈറ്റിൽ പരിശോധനയ്ക്ക് ലഭ്യമാണ്. എല്ലാ ഓഫീസ് മേലാധികാരികളും പ്രസ്തുത സീനിയോറിറ്റി ലിസ്റ്റിന്റെ പകർപ്പെടുത്ത് ബന്ധപ്പെട്ട ഓഫീസുകളിൽ പരസ്യപ്പെടുത്തി ജീവനക്കാർക്ക് (അവധി/അന്യത്ര സേവനത്തിൽ ഉള്ള ജീവനക്കാർ ഉൾപ്പെടെ) പരിശോധിക്കാൻ അവസരം ഒരുക്കേണ്ടതും ലിസ്റ്റ് പരസ്യപ്പെടുത്തിയതിനുള്ള സാക്ഷ്യപത്രം/കൈപ്പറ്റ് രസീത് 15 ദിവസത്തിനകം ഈ കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതുമാണ്.

(ഒപ്പ്)

**വ്യവസായ വാണിജ്യ ഡയറക്ടർ**

സ്വീകർത്താവ് :-

1. ഡെപ്യൂട്ടി ഡയറക്ടർ, കോമൺ ഫെസിലിറ്റി സർവ്വീസ് സെന്റർ, ചങ്ങനാശ്ശേരി.
2. അസിസ്റ്റന്റ് ഡയറക്ടർ, കോമൺ ഫെസിലിറ്റി സർവ്വീസ് സെന്റർ, മഞ്ചേരി
3. ഇ.ഡി. സെക്ഷൻ
4. അധിക/സൂക്ഷിപ്പ് ഫയൽ

**ഉത്തരവിൻ പ്രകാരം**

**സ്പെഷ്യൽ ഓഫീസർ**

File No.DIC/5280/2019-EE1

# FINAL COMBINED SENIORITY LIST OF FOREMAN/TECHNICHAL ASSISTANT WORKING IN COMMON FACILITY SERVICE CENTRES AS ON 31.12.2018

| Sl. No | Seniority No. | Name | Date of birth | Qualification | No & Date of Advice/G.O | No & Date of Appoinment Order | Promotion order Number | Date of Seniority assigned | Remarks |
|---|---|---|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 |
| 1 | 1/14 | Syam. S | 15.05.1981 | Diploma in Mechanical Engg., Diploma in Fire Safety Engg., JDC, A/C (L) | NA | NA | ED 4/8978/2010 dated:02.07.2014 | 02.07.2014 | Foreman (Tool Room) |
| 2 | 2/15 | Vinodkumar. G | 06.12.1972 | Diploma in Electrical Engg., A/C (L) | NA | NA | ED4/8978/2010 dated:20.11.2015 | 20.11.2015 | Foreman (Rubber) |
| 3 | 01/17 | Shan.P.R | 30.12.1980 | BSc Polymer Chemistry,PG Diploma in Plastic Processing Technology, A/C(L) | RIC(2)4974/17/GW dated:15.05.2017 | ED4/10753/2017 dated:05.06.2017 | NA | 15.05.2017 | Foreman (Plastic) |

Note :- The Seniority of Sri. Syam S., Foreman (Tool Room) will be reviewed to the subject to the final judgment of OP(KAT) No. 289/2018 filed by Secretary to Government, Industries Department, Governemnt of Kerala.

Sd/-

**Director of Industries and Commerce**

**Approved for Issue**

**Special Officer**